# നെല്ല്, തെങ്ങ്, റബർ –മൂന്നിടത്തും പുതുജീവന് പുതിയ നീക്കങ്ങൾ

വിവിധതരം സസ്യങ്ങൾ സമൃദ്ധമായി വളരാനും ഫലം നൽകാനും ഏറ്റവും അനുയോജ്യമായ സാഹചര്യമാണ് കേരളത്തിനുള്ളത്. ഫലഭൂയിഷ്ഠമായ മണ്ണ്, ആണ്ടുവട്ടം മുഴുവൻ എന്നും 12 മണിക്കൂർ നേരം ലഭിക്കുന്ന സൂര്യപ്രകാശം, മൺസൂൺ പരാജയപ്പെട്ടു എന്നു പറയുമ്പോൾപോലും സമൃദ്ധമായി ഇടവിട്ട് ലഭിക്കുന്ന മഴ എന്നീ അനുഗ്രഹങ്ങളെ നാം വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല. ഈ അപചയത്തിന് കാരണമെന്ത്? പരിഹാരമാർഗ്ഗങ്ങളെന്ത്?

നമ്മുടെ ഏറ്റവും പ്രധാന കൃഷികൾ നെല്ല്, തെങ്ങ്, റബർ എന്നിവയാണല്ലോ. നെൽകൃഷിയുടെ ഉൽപാദനക്ഷമത (ഏക്കറൊന്നിന് കിട്ടുന്ന നെല്ലിന്റെ അളവ്) ഉയർന്നിട്ടുണ്ടെങ്കിലും, നെൽകൃഷി സ്ഥലത്തിന്റെ വിസ്തീർണം കഴിഞ്ഞ 60 കൊല്ലക്കാലത്തിനിടയ്ക്ക് നാലിലൊന്നായി ചുരുങ്ങിയിരിക്കുകയാണ്. ഇതിനു പ്രധാന കാരണങ്ങൾ വർധിച്ച കൂലിച്ചെലവും തൊഴിലാളികളുടെ ലഭ്യതക്കുറവും (ചെളിയിലിറങ്ങി പണിചെയ്യാനുള്ള മടികാരണം) വിളവെടുപ്പിന്റെ സമയത്ത് ന്യായവില കിട്ടാതെ വരുന്നതും, ന്യായവിലയ്ക്ക് സർക്കാർ നെല്ല് എടുക്കുമ്പോൾ അതിന്റെ വില കർഷകർക്ക് ലഭിക്കാൻ വളരെ താമസമുണ്ടാകുന്നതും മറ്റുമാണ്. തൊഴിലാളികളുടെ കുറവു പരിഹരിക്കാൻ വൻതോതിലുള്ള യന്ത്രവത്കരണം ഇവിടെ കൊണ്ടുവരണം. ഈയടുത്തകാലം വരെ തൊഴിലാളി യൂണിയനുകളുടെ എതിർപ്പ് ഈ വിഷയത്തിലുണ്ടായിരുന്നു.

ഇന്നത്തെ കേരള സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിക്കുമ്പോൾ വാങ്ങിയ നെല്ലിന് കൃത്യമായി വില ഉടനെ കൊടുക്കാൻ സർക്കാരിനു സാധിക്കുന്ന കാര്യം സംശയകരം. നഗരവത്കരണത്തിന്റെ സമ്മർദ്ദത്തിൽ വയൽ നികത്തൽ നടന്നപ്പോൾ നെൽകൃഷി ചെയ്യാൻ അനുയോജ്യമായ സ്ഥലങ്ങൾ വളരെയധികം നഷ്ടപ്പെട്ടുകഴിഞ്ഞു. ചുരുക്കത്തിൽ സർക്കാർ മനഃപൂർവം കർഷകരെ സഹായിക്കാൻവേണ്ടി ഇച്ഛാശക്തിയോടെ മുന്നോട്ടുവന്നില്ലെങ്കിൽ കേരളത്തിന്റെ നെല്ലുൽപാദനം വർധിക്കാൻ സാധ്യതയില്ല.

കുട്ടനാട്ടിലും മറ്റുമുള്ള നമ്മുടെ നെൽപ്പാടങ്ങളിൽ 'ഒരു നെല്ലും ഒരു മീനും' എന്ന പദ്ധതി നടപ്പാക്കാൻ കഴിഞ്ഞാൽ കർഷകർക്ക് ലാഭം നേടാനും അങ്ങനെ ഇന്ന് ലഭ്യമായ നെൽപ്പാടങ്ങളെങ്കിലും നികത്തപ്പെടാതെ തുടർന്ന് നിലനിൽക്കാനും സാധ്യതയുണ്ട്. 'ഒരു നെല്ല് ഒരു മീൻപദ്ധതി' തൊഴിലാളികളുടെ തൊഴിൽസാധ്യതകൾ നഷ്ടപ്പെടുത്തും എന്ന വാദം മുഖവിലയ്ക്കെടുത്ത് സർക്കാർ ഈ പദ്ധതിക്ക് പ്രോത്സാഹനം നൽകാൻ മടിച്ചുനിൽക്കുന്നു. വാസ്തവത്തിൽ ഒരു തൊഴിൽസാധ്യതയും നഷ്ടപ്പെടുന്നില്ല. മത്സ്യസംസ്കരണം തുടങ്ങിയ മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകുകയും ചെയ്യും. നെൽകൃഷി മേഖലയെ സുരക്ഷിതമാക്കി നിലനിറുത്താൻ നെൽകൃഷി ഉള്ളിടത്തെല്ലാം ഒരു നെല്ല് ഒരു മീൻ പദ്ധതി നടപ്പാക്കാൻ സർക്കാർ തയ്യാറാകണം.

തെങ്ങിന്റെ കാര്യത്തിൽ കാറ്റുവീഴ്ചയും മണ്ഡരിയും ചെല്ലിയും ഭീമമായ നാശമുണ്ടാക്കുന്ന ശത്രുക്കളാണ്. ഈ അടുത്തകാലത്ത് ഇവയെ ചെറുത്തുകൊണ്ട് കേരകൃഷിയെ വിജയിപ്പിക്കാനായി കേര വികസനബോർഡും സർക്കാരും ശക്തമായി പ്രവർത്തിച്ചിരുന്നു. അതിനുപുറമെ, തെങ്ങ് ചെത്തി നീരയെടുക്കാൻ അനുവാദം നൽകിയ വിപ്ലവകരമായ തീരുമാനത്തിലൂടെ കേരകൃഷി ലാഭകരമാക്കാൻ കഴിയും എന്ന് കർഷകർ വിശ്വസിച്ചു. പക്ഷേ, കഴിഞ്ഞ ഏതാനും മാസങ്ങളിലെ പ്രവർത്തനം കൊണ്ട് നീര നിർമ്മിക്കാനായി സ്ഥാപിച്ച സംരംഭങ്ങൾ മുഴുവൻ രോഗശയ്യയിലായിത്തീർന്നിരിക്കുകയാണ്. നീരയ്ക്കുണ്ടായ അപചയം കേരകർഷകരേയും നിരാശപ്പെടുത്തിക്കഴിഞ്ഞു. നീര ഉത്പാദനത്തിനായി തുടങ്ങിയ സംരംഭങ്ങൾ വീണ്ടും ഉയർത്തെഴുന്നേൽക്കാൻ ആവശ്യമായ നടപടി ഉടനെ സർക്കാർ എടുത്തേതീരൂ. അതേസമയം, കേരളത്തിലെ നഗരങ്ങളിൽപോലും നാളികേരത്തിന്റെ വില 30–40 രൂപയായി ഉയർന്നിരിക്കുന്നു. ഈ വിലയുടെ നേട്ടം കൊയ്യുന്നത് ഇടയ്ക്കുനിൽക്കുന്ന വ്യാപാരികളാണ്, കർഷകരല്ല. കേരകർഷകർക്ക് ന്യായവില ഉറപ്പാക്കാൻ ഇതിനുവേണ്ടി സർക്കാർ നിലനിറുത്തിയിരിക്കുന്ന കേരഫെഡ് തുടങ്ങിയ ഏജൻസികൾ സജീവമാകേണ്ടത് ആവശ്യം.

കേരളത്തിന്റെ മറ്റൊരു പ്രധാന വിള റബ്ബറാണല്ലോ. കഴിഞ്ഞ് അഞ്ചാറു കൊല്ലമായി നടക്കുന്ന അമിതമായ ഇറക്കുമതി മൂലം നമ്മുടെ റബർവിപണി തകർന്നിരിക്കുന്നു. റബർകർഷകരുടെ വരുമാനം പകുതിയായി കുറഞ്ഞിരിക്കുന്നു. പക്ഷേ, റബർ ഉപയോഗിച്ച് ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്ന ടയർ വ്യവസായവും മറ്റും തങ്ങളുടെ ഉല്പന്നങ്ങളുടെ വില ഒരു രൂപപോലും കുറച്ചിട്ടില്ല. അവർ ചരിത്രത്തിൽ ഇല്ലാത്ത റെക്കാർഡ് ലാഭം നേടുകയും ചെയ്യുന്നു.

മുമ്പ് റബറിന്റെ വില ഇടിഞ്ഞാൽ ന്യായവിലയ്ക്ക് സർക്കാരിന്റെ ഏജൻസികൾ റബർ സംഭരിച്ച് കൃഷിക്കാരെ രക്ഷിക്കുന്ന ഏർപ്പാട് ഉണ്ടായിരുന്നു. ഇന്ന് നിരന്തരമായ പരാതികൾ ഉയർന്നിട്ടും കേന്ദ്രസർക്കാർ ഇതിനു തയ്യാറാകുന്നില്ല.

ഇറക്കുമതി ചുങ്കം ഉയർത്തി ഇറക്കുമതിയെ നിയന്ത്രിച്ച് ആഭ്യന്തര റബർവില മെച്ചപ്പെടുത്താവുന്നതേയുള്ളൂ. പക്ഷേ, ലോക വാണിജ്യ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംരക്ഷണചുങ്കം ചുമത്താനുള്ള നടപടിയെടുക്കാൻ കേന്ദ്രസർക്കാർ തയ്യാറാവുന്നില്ല. നാം തിരഞ്ഞെടുത്ത ജനപ്രതിനിധികളും ഇക്കാര്യത്തിൽ നിശ്ശബ്ദരാണ്. ടയർവ്യവസായികളുടെ സ്വാധീനശക്തിയാണ് ഇവിടെ പ്രകടമാകുന്നത്.

റബർകർഷകരുടെ ആത്മഹത്യ ഒഴിവാക്കാൻ ഇനി ഒരു മാർഗമേയുള്ളൂ. റീപ്ലാന്റ് ചെയ്യാനായി പ്രായമേറിയ റബർമരങ്ങൾ വെട്ടിക്കളയുമ്പോൾ അവിടെ വീണ്ടും റബർവയ്ക്കുന്നതിനുപകരം മറ്റു ചില വിളകൾ കൃഷിചെയ്യാൻ കർഷകരെ പ്രേരിപ്പിക്കുക. അതുപോലെതന്നെ ഉത്പാദനം നൽകുന്ന റബർത്തോട്ടങ്ങളിൽനിന്ന് കൂടുതൽ വരുമാനം കിട്ടാനും ഉത്പാദനച്ചെലവ് കുറയ്ക്കാനുമുള്ള പരിശ്രമങ്ങൾ നടത്തുക. റബറിൽനിന്നുള്ള വരുമാനത്തിനു പുറമെ ആട്, കോഴി, പന്നി, മത്സ്യം, മുയൽ, കാടപ്പക്ഷി ഇവ റബർത്തോട്ടത്തിൽ വളർത്തി കൂടുതൽ വരുമാനം നേടാനുള്ള മാർഗ്ഗങ്ങളും കർഷകർക്ക് തുറന്നു കൊടുക്കുക. മാംസം സംസ്കരിച്ച് വിപണനം ചെയ്യാനുള്ള പുതിയ പ്രസ്ഥാനങ്ങൾക്കും അങ്ങനെ സാധ്യതയുണ്ടാകും.

റീപ്ലാന്റ് ചെയ്യാൻ വെട്ടിക്കളയുന്ന പ്രായമേറിയ റബർമരങ്ങളുടെ സ്ഥാനത്ത് മറ്റ് എന്ത് കൃഷിയാണ് ചെയ്യാൻ കഴിയുക?

എണ്ണപ്പന, കൊക്കോ ഇവ ഒന്നിച്ച് കൃഷിചെയ്യാം. 35 അടി അകലത്തിൽ ഏക്കർ ഒന്നിന് അറുപത് എണ്ണപ്പനതൈകൾ വയ്ക്കുമ്പോൾതന്നെ ഇടവിളയായി കൊക്കോ നടാൻ സാധിക്കും. ആദ്യ മൂന്നുവർഷക്കാലത്ത് ഇതോടൊപ്പം വാഴയോ പൈനാപ്പിളോ കൃഷിചെയ്യാം. ഇതുകഴിഞ്ഞ് വാഴ/ പൈനാപ്പിൾ മാറ്റി കുരുമുളക് നടാവുന്നതേയുള്ളൂ. എണ്ണപ്പന, കൊക്കോ, കുരുമുളക് എന്നിവയുടെ കൃഷി തീർച്ചയായും ലാഭകരമായിരിക്കും. 30 കി.മീ. ചുറ്റളവിനകത്ത് 5000 ഏക്കർ സ്ഥലത്തെങ്കിലും എണ്ണപ്പന കൃഷി വ്യാപിച്ചാൽ അവിടെ എണ്ണ സംസ്കരണത്തിനായി ഫാക്ടറി സ്ഥാപിക്കാൻ കഴിയും. അതുപോലെതന്നെ കൊക്കോ സംസ്ക്കരിച്ച് ചോക്ലേറ്റ് മുതലായവ ഉത്പാദിപ്പിക്കാൻ കഴിയും ഇത്തരം മൂല്യവർധന പദ്ധതികൾ കാർഷികമേഖലയ്ക്ക് കൂടുതൽ ഉത്തേജനം പകരുകയും ചെയ്യും.

പാമോയിൽ നൽകുന്ന എണ്ണപ്പനയുടെ കൃഷിക്ക് കേരളത്തിൽ ഇതുവരെ അധികം പ്രചാരം സിദ്ധിച്ചിട്ടില്ലെങ്കിലും കഴിഞ്ഞ 20 കൊല്ലമായി തുടർച്ചയായി ലാഭത്തിൽ നടക്കുന്ന 'ഓയിൽപാം ഇന്ത്യ' എന്ന ഒരു പൊതുമേഖലാ സ്ഥാപനമുണ്ട്. പുനലൂരിനു സമീപം കുളത്തൂപ്പുഴയിൽ 10,000 ഏക്കറിന്റെ എണ്ണപ്പനത്തോട്ടം അവർ വിജയകരമായി നടത്തുന്നു. കൃഷി തുടങ്ങാൻ ആവശ്യമായ എണ്ണപ്പനയുടെ കൂടത്തൈകൾ വെറും പത്തുരൂപയ്ക്ക് നൽകാൻ അവർ തയ്യാറാണ്. സാങ്കേതിക ഉപദേശം നൽകുന്നതിനു പുറമെ നാലാം വർഷം എണ്ണപ്പനക്കുലകൾ ലഭിക്കുന്നതുവരെ സബ്സിഡിയായി ഒരു ചെറിയ തുക നൽകാനും അവർ തയ്യാറാണ്.

കൊക്കോയ്ക്കു പകരം ഇടവിളയായി പരീക്ഷിക്കാവുന്ന ലാഭകരമായ മറ്റൊരു വിളയാണ് കശുമാവ്. എണ്ണപ്പനയും കശുമാവും വാഴയുമായി കൃഷി തുടങ്ങി മൂന്നു വർഷം കഴിയുമ്പോൾ എണ്ണപ്പനയും കശുമാവും ഉത്പാദനം നൽകിത്തുടങ്ങും. ആ ഘട്ടത്തിൽ വാഴയ്ക്കുപകരം കുരുമുളക് പരീക്ഷിക്കുകയും ചെയ്യാം.

റബർ, കാപ്പി, തേയില, ഏലം, കൊക്കോ, പറങ്കിമാവ് എന്നീ വിളകളെ ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പക്ഷേ എണ്ണപ്പന കൃഷിക്ക് ഈ സൗജന്യമില്ല. ഈ സാഹചര്യത്തിൽ റബർ വെട്ടിക്കളഞ്ഞ് വീണ്ടും കൃഷിചെയ്യുമ്പോൾ ഭൂപരിധി ഒരു പ്രശ്നമായിട്ടുള്ള വലിയ കർഷകർക്ക് പ്രധാന കൃഷിയായി കൊക്കോയോ പറങ്കിമാവോ സൗകര്യപൂർവം കൃഷിചെയ്യാം. എണ്ണപ്പനയെ ഒരു ഇടവിളയായി കരുതിയാൽ മതി. ഭൂപരിധി പ്രശ്നത്തിനും അങ്ങനെ പരിഹാരം കാണാൻ കഴിയും. പുതിയ കൃഷിരീതികൾ സംരംഭക മനോഭാവത്തോടെ കൃഷിസ്ഥലത്ത് പകർത്തി അധ്വാനിക്കുന്നവരായ റബർ കർഷകർക്ക് പുതിയ മേഖലയിലേക്ക് മാറാൻ ആവശ്യമായ പ്രോത്സാഹനം സർക്കാർ നൽകിയാൽ പുതിയ മേഖലയിലും വൻ നേട്ടങ്ങൾ അവർ നമുക്ക് നേടിത്തരും.